# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 876 09.08.2017 -ലെ മറുപടി

## ബീമാപള്ളിയിൽ പുലിമുട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ.റഹീം | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ബീമാപള്ളിയിൽ പുലിമുട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നം.515/2014/ഡബ്ല്യു. ആർ.ഡി., തീയതി: 21.05.2014 പ്രകാരം എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്;എത്ര പുലിമുട്ടുകൾ നിർമ്മിക്കാനാണ് വിഭാവനം ചെയ്തത്; | (എ) ബീമാപള്ളിയിൽ പുലിമുട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നം.515/2014/ ഡബ്ല്യു. ആർ.ഡി., തീയതി: 21.05.2014 പ്രകാരം 1670 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. 15 പുലിമുട്ടുകൾ നിർമ്മിക്കാനാണ് വിഭാവനം ചെയ്തത് |
| (ബി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത് ആരാണ്; കരാർ വ്യവസ്ഥ പ്രകാരം കാലാവധി ഏതുവരെയാണ്; | (ബി) ശ്രീ.പി.പ്രഭാകരൻ, കമലാഭവൻ, കൊഞ്ചിറ.പി.ഒ, വെമ്പായം, തിരുവനന്തപുരം എന്ന കരാറുകാരനാണ് ടി പ്രവൃത്തി ഏറ്റെടുത്തത്. കരാർ കാലാവധി 04/04/2018 വരെയാണ് (18 മാസം) |
| (സി) ഇതുവരെ എത്ര തുകയുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്; പാർട്ട് ബിൽ നൽകിയിട്ടുണ്ടോ; | (സി) നാളിതുവരെ 61 ലക്ഷം രൂപയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. പാർട്ട് ബിൽ നൽകിയിട്ടില്ല. |
| (ഡി) പുലിമുട്ട് ഉദ്ഘാടനം എന്നാണ് നടന്നത്; ഉദ്ഘാടന ചടങ്ങിന് ചെലവായ തുകയെത്ര ? | (ഡി) ഗുണഭോക്താക്കൾ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങ് 25.02.2016-ൽ നടന്നു. ജലസേചന വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ